**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **03-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻഷോപ്പ് ഉടമകളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം. രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ റേഷൻഷോപ്പ് ഉടമകൾക്ക് പ്രതിമാസം കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ന്യായവില ഷോപ്പ് ലൈസൻസികൾക്ക് പ്രതിമാസ വിൽപ്പനയ്ക്കനുസരിച്ചുള്ള കമ്മീഷനാണ് (Margin) നൽകി വരുന്നത്. ഇതു കൂടാതെ കെ-സ്റ്റോറായി ഉയർത്തപ്പെട്ടിട്ടുള്ള ന്യായവില ഷോപ്പുകളിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങൾക്കു പുറമെ വിവിധ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിലൂടെയുള്ള ലാഭവും വിവിധ സേവനങ്ങൾക്കുള്ള ഫീസിനത്തിലുള്ള വരുമാനവും പ്രസ്തുത ന്യായവില ഷോപ്പ് ലൈസൻസികൾക്ക് ലഭിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഉടമകൾക്ക് കമ്മീഷൻ ഉൾപ്പെടെ പ്രതിമാസം കിട്ടുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ ന്യായവില ഷോപ്പ് ലൈസൻസികൾക്ക് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം, കേന്ദ്ര സർക്കാർ, ഒരു ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്നതിന് 107 രൂപ നിരക്കിലാണ് കമ്മീഷൻ നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50 ശതമാനമാണ് കേന്ദ്ര സഹായമായി ലഭിച്ചു വരുന്നത്. എന്നാൽ കിന്റലിന് ശരാശരി 300 രൂപ നിരക്കിലാണ് സംസ്ഥാനം കമ്മീഷൻ അനുവദിക്കുന്നത്. 20/11/2018 ലെ സ.ഉ.(കൈ) നം.46/2018/ ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം, 45 ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്ന ഒരു ലൈസൻസിയ്ക്ക് അടിസ്ഥാന കമ്മീഷൻ 18,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 45 ക്വിന്റലിനു മുകളിൽ വിൽപ്പന നടത്തിയാൽ ടി 18,000/-രൂപയ്ക്കു പുറമെ ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിലും കമ്മീഷൻ ലഭിക്കുന്നതാണ്. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷനും 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500/- രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും ലഭിക്കുന്നതാണ്. 45 ക്വിന്റൽ വരെ വിതരണം നടത്തുന്നവർക്ക് അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം |

| | | | |
|---|---|---|---|
| | | | ഭക്ഷ്യധാന്യം വിതരണം നടത്തേണ്ടതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവുണ്ടാകുന്നതാണ്. 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പെയ്മെന്റിൽ നിന്നും 20 ശതമാനവും 60 ശതമാനത്തിൽ താഴെ വിൽപ്പന നടക്കുമ്പോൾ 40 ശതമാനവും കുറവുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ